# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.667 29/05/2019-ൽ മറുപടിക്ക്

### ഡാം തുറന്നു വിട്ടുന്നതുമായി ബന്ധപ്പെട്ട നടപടികൾ

| | ചോദ്യം<br><br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിനു മുൻപ് പ്രധാന ഡാമുകളിലെ ജലനിരപ്പ് അപകടകരമാം വിധം ഉയർന്നു വരുന്ന സാഹചര്യം വൈദ്യുതി ബോർഡ് നേരത്തെ മനസ്സിലാക്കിയിരുന്നോ; | (എ) | കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിനുമുമ്പ് പ്രധാന ഡാമുകളിൽ ജലനിരപ്പ് അപകടകരമാം വിധം ഉയർന്നു വരുന്ന സാഹചര്യം ഉണ്ടായേക്കാം എന്നു മനസ്സിലാക്കാൻ തക്ക സ്ഥിതിവിശേഷം പ്രളയത്തിന് മുൻപ് ഉണ്ടായിട്ടില്ല. എന്നാൽ മുൻവർഷങ്ങളേക്കാൾ, ഡാമിലേക്കുള്ള വെള്ളത്തിന്റെ നീരൊഴുക്കും, ജലനിരപ്പും ക്രമാതീതമായി വർദ്ധിക്കുന്നെന്ന് കണ്ടപ്പോൾ ത്തന്നെ വേണ്ടുന്ന മുൻകരുതൽ നടപടിയെടുക്കാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ ജൂലൈ 25-ന് ഇതുസംബന്ധമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ചെയർമാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വിലയിരുത്തുകയുണ്ടായോ; | (ബി) | മഴക്കാലത്ത് ഡാമുകളിൽ ജലനിരപ്പ് ഉയർന്നാൽ ഉണ്ടാകാവുന്ന സാഹചര്യം വിലയിരുത്തുന്നതിനായി ജൂലൈ 25 – ന് ചെയർമാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് ഒന്നിന് അടിയന്തര നടപടിക്രമം സംബന്ധിച്ച് ഉത്തരവ് ഇറക്കുകയുണ്ടായോ; | (സി) | 01.08.2018 - ൽ പ്രധാനപ്പെട്ട ഡാമുകളുടെ അലർട്ട് ലെവലുകൾ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് ഇറക്കുകയുണ്ടായി. |

(..2)

<table>
<tr>
<td>(ഡി)</td>
<td>എന്നിട്ടും ഡാം തുറന്നു വിടുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആഗസ്റ്റ് 9 വരെ വൈകിയത് ദുരന്തത്തിന്റെ ആഴം കൂട്ടാൻ കാരണമായോ;</td>
<td>(ഡി)</td>
<td>ഇല്ല.ആഗസ്റ്റ് 9 – ന് മുമ്പ് തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള താഴെ പറയുന്ന ഡാമുകൾ തുറന്നു.
<table>
<tr><th>ക്രമ നം മ്പർ</th><th>ഡാം</th><th>ജില്ല</th><th>തുറന്ന തീയതി</th></tr>
<tr><td>1</td><td>ലോവർ പെരിയാർ</td><td>ഇടുക്കി</td><td>09.06.2018</td></tr>
<tr><td>2</td><td>കല്ലാർകുട്ടി</td><td>ഇടുക്കി</td><td>09.06.2018</td></tr>
<tr><td>3</td><td>പൊരിങ്ങൽ കുത്ത്</td><td>തൃശ്ശൂർ</td><td>10.06.2018</td></tr>
<tr><td>4</td><td>കുറ്റിയാടി (കക്കയം)</td><td>കോഴിക്കോട്</td><td>11.07.2018</td></tr>
<tr><td>5</td><td>മൂഴിയാർ</td><td>പത്തനംതിട്ട</td><td>13.07.2018</td></tr>
<tr><td>6</td><td>ആർ. എ.ഹെഡ് വർക്സ്</td><td>ഇടുക്കി</td><td>14.07.2018</td></tr>
<tr><td>7</td><td>പൊൻമുടി</td><td>ഇടുക്കി</td><td>14/07/18</td></tr>
<tr><td>8</td><td>ബാണാസുര സാഗർ</td><td>വയനാട്</td><td>15.07.2018</td></tr>
<tr><td>9</td><td>കല്ലാർ</td><td>ഇടുക്കി</td><td>16/07/18</td></tr>
<tr><td>10</td><td>ഷോളയാർ</td><td>തൃശ്ശൂർ</td><td>28.07.2018</td></tr>
</table>
</td>
</tr>
<tr>
<td>(ഇ)</td>
<td>ഇല്ലെങ്കിൽ ഘട്ടം ഘട്ടമായി ഡാം തുറന്നു വിട്ട് ജലനിരപ്പ് നിയന്ത്രിക്കാതിരുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?</td>
<td>(ഇ)</td>
<td>ആഗസ്റ്റ് മാസം 15,16,17 തിയതികളിൽ കേരളത്തിലും കേരളത്തിനോടു ചേർന്നു കിടക്കുന്ന തമിഴ്നാടിന്റെ ഭാഗങ്ങളിലും അതിതീവ്രമഴ ലഭിക്കുകയുണ്ടായി; എന്നാൽ ഈ ദിവസങ്ങളിൽ അതിതീവ്രമഴ സംബന്ധിച്ച മുന്നറിയിപ്പ് ഉണ്ടായിരുന്നില്ല. അതിതീവ്ര മഴമൂലം ഡാമുകളിലെ ജലനിരപ്പ് ക്രമാതീതമായി വർദ്ധിച്ചതിനാൽ, 01.08.2018 – ലെ ബോർഡ് ഉത്തരവുപ്രകാരം നിശ്ചയിച്ച അലർട്ടുകളും പ്രഖ്യാപിച്ച ശേഷം ഘട്ടം ഘട്ടമായിട്ടാണ് വിവിധ ഡാമുകൾ തുറന്നത്.</td>
</tr>
</table>

Apsay
സെക്ഷൻ ഓഫീസർ